# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 919      01.03.2017 -ൽ മറുപടിയ്ക്ക്

## കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു.പ്രതിഭ ഹരി | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കരിപ്പുഴ കനാലിന്റെ ആഴം വർദ്ധിപ്പിച്ച് തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു എന്നും എസ്റ്റിമേറ്റ് പ്രകാരം എത്ര മീറ്റർ നീളത്തിലാണ് സംരക്ഷണ ഭിത്തി കെട്ടേണ്ടിയിരുന്നത് എന്നും എസ്റ്റിമേറ്റ് പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ; | (എ) കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കരിപ്പുഴ കനാലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനും തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി 9,80,93,158/- രൂപ അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള 3200 മീറ്റർ സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കനാലിന്റെ പല ഭാഗങ്ങളിലും സംരക്ഷണഭിത്തി കെട്ടുന്നതിനു വേണ്ടി വശങ്ങളിൽ നിന്നുള്ള മരങ്ങളും മറ്റും നീക്കംചെയ്യുകയും എന്നാൽ തുടർന്ന് ഇവിടെ സംരക്ഷണഭിത്തി കെട്ടാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം മഴക്കാലത്ത് തീരം ഇടിഞ്ഞ് കനാലിലേക്ക് വീഴുന്നതിന് സാദ്ധ്യതയുള്ളതിനാൽ ടി സ്ഥലങ്ങളിൽ കൂടി സംരക്ഷണഭിത്തി കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) ഉണ്ട്. കരിപ്പുഴ കനാലിന്റെ പലഭാഗങ്ങൾ (500 മീറ്റർ) സംരക്ഷിക്കുന്നതിനാവശ്യമായ 90 ലക്ഷം രൂപയുടെ പ്രവൃത്തി 2016-17 ലെ എം.ഐ മുൻഗണനാ ലിസ്റ്റിൽ ക്രമനമ്പർ -1 ആയി ഉൾപ്പെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ